REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 09-08-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രധാൻമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് നടപ്പു സാമ്പത്തിക വർഷം കൂടി സബ്സിഡി തുടരാൻ കേന്ദ്രഗവൺമെന്റ് അനുമതി.
- വേദ പൈതൃകവും പാരമ്പര്യവും എന്ന സന്ദേശവുമായി ഇന്ന് ലോക സംസ്കൃത ദിനം.
- മടക്കയാത്രകളിൽ യാത്രക്കാർക്ക് 20 ശതമാനം കിഴിവ് നൽകുന്ന ട്രിപ്പ് പാക്കേജ് പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതായി റെയിൽവേ.
- 79-ാം സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു.
- കുട്ടികളുടെ സുരക്ഷയ്ക്കായി സുരക്ഷാ മിത്രം പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി.

## വാർത്തകൾ വിശദമായി

പ്രധാൻമന്ത്രി ഉജ്ജ്വല യോജന ഗുണഭോക്താക്കൾക്ക് നടപ്പു സാമ്പത്തിക വർഷം കൂടി സബ്സിഡി തുടരാൻ കേന്ദ്രഗവൺമെന്റ് അനുമതി നൽകി. 12,000 കോടി രൂപ ഇതിന് ആവശ്യമാകും. പത്തുകോടി 33 ലക്ഷത്തിൽ പരം കുടുംബങ്ങൾക്ക് സബ്സിഡി ലഭ്യമാകും. വർഷത്തിൽ ഒമ്പതു വരെ ഗാർഹിക LPG സിലിണ്ടറിന് 300 രൂപ പദ്ധതിയിൽ സബ്സിഡി അനുവദിക്കുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

രാഷ്ട്രപതി ദ്രൗപതിമുർമു രാജ്യത്തെ ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികളുമായി ഇന്ന് സംവദിക്കും. രാഷ്ട്രപതി ഭവനിലാണ് പരിപാടി.

✪✪✪

ഓഗസ്റ്റ് 31ന് ആരംഭിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കുന്നതിനെ ചൈന സ്വാഗതം ചെയ്തു. ഐക്യദാർഢ്യത്തിന്റെയും സൗഹൃദത്തിന്റെയും ഒത്തുചേരലായിരിക്കും ഉച്ചകോടിയെന്ന് ചൈനീസ് വിദേശകാര്യ മന്ത്രാലയ വക്താവ് ഗുവോ ജിയാകുൻ പറഞ്ഞു. രണ്ട് ദിവസത്തെ ഉച്ചകോടി ചൈനയിലെ ടിയാൻജിനിലാണ് സംഘടിപ്പിക്കുന്നത്.

✪✪✪

ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ പങ്കെടുത്ത എല്ലാ ധീരന്മാരെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അനുസ്മരിച്ചു. മഹാത്മാഗാന്ധിയുടെ പ്രചോദനാത്മകമായ നേതൃത്വത്തിൽ ക്വിറ്റ് ഇന്ത്യാ സമരത്തിൽ പങ്കാളികളായ എല്ലാവർക്കും സമൂഹമാധ്യമ പോസ്റ്റിൽ മോദി നന്ദി അറിയിച്ചു.

✪✪✪

DR.MS സ്വാമിനാഥൻ ശതാബ്ദി സമാപന സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടത്തും. “നിത്യഹരിത വിപ്ലവം, ജൈവ സന്തോഷത്തിലേക്ക് ഒരു പാത" എന്ന പ്രമേയത്തിൽ സമ്മേളനം വ്യാഴാഴ്ചയാണ് ആരംഭിച്ചത്.

✪✪✪

ഇന്ന് ലോക സംസ്കൃത ദിനം. ശ്രാവണ പൂർണിമ ദിനത്തിലാണ് സംസ്കൃത ദിനം ആചരിക്കുന്നത്. “വേദ പൈതൃകവും പാരമ്പര്യവും" എന്നതാണ് ഈ വർഷത്തെ പ്രമേയം.

സംസ്കൃതം കാലാതീതമായ അറിവിന്റെയും ആവിഷ്കാരത്തിന്റെയും ഉറവിടമാണെന്നും അത് ജനപ്രിയമാക്കുന്നവരുടെ പരിശ്രമത്തെ അഭിനന്ദിക്കാൻ അവസരമാണിതെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി എക്സിൽ കുറിച്ചു.

കേന്ദ്ര സംസ്കൃത സർവകലാശാലകൾ, സംസ്കൃത പഠന കേന്ദ്രങ്ങൾ സംസ്കൃത പണ്ഡിതർക്ക് സഹായധനം, കൈയെഴുത്തുപ്രതികളുടെ ഡിജിറ്റൈസേഷന് ജ്ഞാനഭാരതം മിഷൻ എന്നിവയുൾപ്പെടെ നിരവധി ശ്രമങ്ങൾ ഗവണ്മെന്റ് നടത്തിയിട്ടുണ്ടെന്നും നരേന്ദ്രമോദി പറഞ്ഞു.

✪✪✪

ഇന്ന് രക്ഷാ ബന്ധൻ. രാഷ്ട്രപതി ദ്രൗപതി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും ജനങ്ങൾക്ക് ആശംസകൾ നേർന്നു. രക്ഷാബന്ധൻ ഉത്സവം സഹോദരി സഹോദരന്മാർ തമ്മിലെ സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും അതുല്യ ബന്ധത്തെയാണ് അടയാളപ്പെടുത്തുന്നതെന്ന് രാഷ്ട്രപതി പറഞ്ഞു.

സഹോദരിമാർ സഹോദരന്മാരുടെ കൈത്തണ്ടയിൽ വർണ്ണാഭമായ രാഖി കെട്ടി അവരുടെ അഭിവൃദ്ധിക്കും ആരോഗ്യത്തിനും ക്ഷേമത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു. പകരമായി സഹോദരങ്ങൾ സഹോദരിമാരെ സംരക്ഷിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുമെന്ന് പ്രതിജ്ഞയെടുക്കുകയും അവർക്ക് സമ്മാനങ്ങൾ നൽകു കയും ചെയ്യുന്നു. ശ്രാവണമാസത്തിലെ പൗർണമിദിവസമാണ് രക്ഷാബന്ധൻ ആഘോഷിക്കുന്നത്.

✪✪✪

യാത്രാടിക്കറ്റിനൊപ്പം മടക്കയാത്രയും ബുക്ക് ചെയ്യുന്നവർക്ക് 20 ശതമാനം കിഴിവ് നൽകുന്ന റൗണ്ട് ദ ട്രിപ്പ് പാക്കേജ് നടപ്പാക്കാൻ റെയിൽവേ തീരുമാനിച്ചു. യാത്രാ- മടക്കയാത്ര ടിക്കറ്റ് ഒന്നിച്ച് ബുക്ക് ചെയ്യുമ്പോഴാണ് റിബേറ്റ് ലഭിക്കുന്നതെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. ഈ പാക്കേജിൽ ബുക്ക് ചെയ്ത ടിക്കറ്റുകൾക്ക് റീഫണ്ട് അനുവദനീയമല്ലെന്നും മന്ത്രാലയം വെളിപ്പെടുത്തി.

യാത്രക്ക് രണ്ട് മാസം മുമ്പ് മുതൽ ഇത്തരം ബുക്കിംഗ് അനുവദിക്കും. മടക്കയാത്രാ ടിക്കറ്റുകൾക്ക് 60 ദിവസ സമയപരിധി ബാധകമല്ല.

✪✪✪

79-ാം സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു. ദേശീയ പതാകയുമായി ജനങ്ങളുടെ ആത്മബന്ധം ശക്തിപ്പെടുത്താനും, അറിവു പകരാനും, രാഷ്ട്രനിർമാണത്തിലെ ജനകീയ പങ്കാളിത്തത്തിന് കരുത്തേകാനും ലക്ഷ്യമിട്ടാണ്, ഈ മാസം രണ്ട് മുതൽ സ്വാതന്ത്ര്യദിനം വരെയാണ് രാജ്യവ്യാപക കാമ്പയിൻ സംഘടിപ്പിക്കുന്നത്. സംസ്ഥാനങ്ങളിൽ ഗവണ്മെന്റ് ഓഫീസുകളും, വിദ്യാഭ്യാസ സ്ഥാപനങ്ങളും, NGO-കളും കാമ്പയിനുമായി ബന്ധപ്പെട്ട ശുചീകരണമടക്കം പ്രവർത്തനങ്ങൾ നടത്തി വരികയാണ്.

'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' ക്യാമ്പയിന് കോഴിക്കോട് കൊയിലാണ്ടി നഗരസഭയിൽ തുടക്കമായി. നഗരസഭാ സെക്രട്ടറി S പ്രദീപിൽ നിന്ന് ചെയർപേഴ്സൺ സുധാ കിഴക്കേപ്പാട്ട് ക്യാമ്പയിൻ പോസ്റ്റർ ഏറ്റുവാങ്ങി പരിപാടി ഉദ്ഘാടനം ചെയ്തു.

✪✪✪

കഴിഞ്ഞ സാമ്പത്തിക വർഷം വാർഷിക രാജ്യരക്ഷാ സാമഗ്രികളുടെ ഉൽപ്പാദനം ഉയർന്ന നിരക്കായ ഒരു ലക്ഷത്തി 50,590 കോടി രൂപയായി ഉയർന്നെന്ന് കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് അറിയിച്ചു. മുൻ വർഷത്തേക്കാൾ 18% വളർച്ച നേടിയെന്നും കേന്ദ്രമന്ത്രി എക്സിൽ കുറിച്ചു.

✪✪✪

ഏഷ്യയിലെ ഏറ്റവും വലിയ, 4.5 കിലോമീറ്റർ നീളം വരുന്ന ചരക്ക് ട്രെയിൻ രുദ്രാസ്ത്രയുടെ പരീക്ഷണ ഓട്ടം വിജയകരമായി നടത്തി റെയിൽവേ ചരിത്രം കുറിച്ചു. ഉത്തർപ്രദേശിലെ ചന്ദേലി ഗഞ്ച്ഖ്വാജ റെയിൽവേ സ്റ്റേഷനിൽ നിന്ന് ജാർഖണ്ഡിലെ ഗഡ്‌വെ വരെ 5 മണിക്കൂർ 10 മിനിറ്റിൽ 209 കിലോമീറ്റർ ദൂരം സഞ്ചരിച്ചാണ് പരീക്ഷണ ഓട്ടം നടത്തിയത്. മണിക്കൂറിൽ ശരാശരി 40.5 കിലോമീറ്ററായിരുന്നു വേഗത.

✪✪✪

നാസയുടെ ക്രൂ-10 ദൗത്യത്തിലെ നാല് ബഹിരാകാശ യാത്രികർ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ നിന്ന് ഭൂമിയിലേക്ക് പുറപ്പെട്ടു. ഇന്ത്യൻ സമയം ഉച്ചകഴിഞ്ഞ് 3:33 ന് കാലിഫോർണിയയ്ക്ക് സമീപം പസഫിക് സമുദ്രത്തിൽ യാത്രികർ ഇറങ്ങുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

റഷ്യൻ പ്രസിഡണ്ട് വ്ലാഡിമർ പുടിനുമായി ഈ മാസം 15 ന് അലാസ്കയിൽ കൂടിക്കാഴ്ച നടത്തുമെന്ന് US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് അറിയിച്ചു. ട്രംപ് അധികാരത്തിൽ തിരിച്ചെത്തിയ ശേഷം ആദ്യമായാണ് അമേരിക്ക- റഷ്യ ചർച്ച നടത്തുന്നത്.

✪✪✪

മേഘവിസ്ഫോടനമുണ്ടായ ഉത്തരാഖണ്ഡിലെ ഉത്തര കാശി ധരാലി മേഖലയിൽ ദുരിതാശ്വാസ, രക്ഷാപ്രവർത്ത നങ്ങൾ ഊർജിതമായി പുരോഗമിക്കുന്നു. കേന്ദ്ര-സംസ്ഥാന ഗവൺമെന്റ് ഏജൻസി കളുടെ നേതൃത്വത്തിലാണ് ദുരിതാ ശ്വാസ പ്രവർത്തനങ്ങൾ നടക്കുന്നത്.

✪✪✪

തിരുവനന്തപുരം നഗര സഭയുടെ നേതൃത്വത്തിൽ നാല് ലക്ഷത്തിൽപരം സീഡ് ബോൾ നിർമ്മിക്കുന്ന പ്രവൃത്തി  മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.  നഗരസഭയുടെ പ്രകൃതി സൗഹൃദ പ്രവർത്തനങ്ങളുടെ ഗ്രീൻ ബജറ്റും മുഖ്യമന്ത്രി  ചടങ്ങിൽ പ്രകാശനം  ചെയ്തു.

✪✪✪

കുട്ടികളുടെ സുരക്ഷയ്ക്കായി സുരക്ഷാ മിത്രം പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമായി. കുട്ടികൾക്കെതിരെ അക്രമം തടയുകയാണ് ലക്ഷ്യമെന്ന് പദ്ധതി അവതരിപ്പിച്ചു മന്ത്രി V ശിവൻകുട്ടി മാധ്യമങ്ങളോട് പറഞ്ഞു. ജില്ലാ അടിസ്ഥാനത്തിൽ സ്കൂൾ കൗൺസിലർമാരുടെ യോഗം ചേരാൻ തീരുമാനിച്ചതായും മന്ത്രി പറഞ്ഞു.

നൂറനാട്ട് മർദ്ദനമേറ്റ കുട്ടിക്ക് സംരക്ഷണം നൽകുമെന്നും  മന്ത്രി അറിയിച്ചു. കുട്ടിയെ മന്ത്രി സന്ദർശിച്ചു. ഇത്തരത്തിൽ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി കൈക്കൊള്ളുമെന്നും മന്ത്രി മാധ്യമങ്ങളോട്  പറഞ്ഞു.

✪✪✪

ഓണത്തിന് പ്രധാനമന്ത്രിക്കും ഏഴ് കേന്ദ്രമന്ത്രിമാർക്കും കേരളം നൽകുന്ന ഓണക്കോടിക്ക് തുണി നിർമ്മിക്കുന്നത് കണ്ണൂരിൽ നിന്ന്. ചൊവ്വയിലെ ലോക്നാഥ് വീവേഴ്സിനാണ് തുടർച്ചയായ മൂന്നാം വർഷവും ഈ അസുലഭ അവസരം ലഭിച്ചത്.

ആകാശവാണി പ്രതിനിധി KO ശശിധരന്റെ റിപ്പോർട്ട്...

......വോയ്സ്......

കൈത്തറിയുടെ നാടായ കണ്ണൂരിന്റെ മണ്ണിൽ നിന്ന് പ്രധാനമന്ത്രിക്ക് ഓണക്കോടിയൊരുക്കുന്നതിനുള്ള കൈത്തറി തുണി തയ്യാറാക്കാൻ അവസരം ലഭിച്ചതിന്റെ ആഹ്ലാദത്തിലാണ് ചൊവ്വയിലെ ലോക്നാഥ് വീവേഴ്സ് മാനേജ്മെന്റും ജീവനക്കാരും. പ്രധാനമന്ത്രി നരേന്ദ്ര മോദി , കേന്ദ്ര ആഭ്യന്തര മന്ത്രിമാരായ അമിത് ഷാ, രാജ്നാഥ് സിംഗ്, നിധിൻ ഗഡ്കരി എന്നിവരുൾപ്പെടെ എട്ട് പേർക്ക് കേരളം ഔദ്യോഗികമായി സമ്മാനിക്കുന്ന ഓണക്കോടിക്കുള്ള തുണിയാണ് ലോക്നാഥ് വീവേഴ്സിൽ  ഒരുങ്ങുന്നത്.

പ്രധാനമന്ത്രിക്കായി രണ്ട് വ്യത്യസ്ത ഡിസൈനിലും കേന്ദ്ര മന്ത്രിമാർക്ക് ഓരോന്നു വീതമുള്ള ഒൻപത്  ഡിസൈനിലാണ് നിർമ്മാണം.  അഞ്ച് മീറ്റർ വീതം 45 മീറ്റർ തുണി സജ്ജമാവുകയാണ് ഇവിടെ.  ഹാൻടെക്സിന്റെ തിരുവന്തപുരത്തെ തയ്യൽ യൂണിറ്റിൽ വെച്ചാണ് കുർത്ത തയ്ക്കുക.

നെയ്ത്തിൽ 20 വർഷത്തിലേറെ പരിചയമുള്ള  എളയാവൂരിലെ കെ.വി സഹജയാണ് തുണി നെയ്തെടുക്കുന്നത്.

✪✪✪

സംസ്ഥാനത്തെ ദേശീയ ജനാധിപത്യസഖ്യം വൈസ് ചെയർമാനായി മുതിർന്ന BJP നേതാവ് AN രാധാകൃഷ്ണനെ നിയമിച്ചു. NDA ചെയർമാൻ രാജീവ് ചന്ദ്രശേഖറാണ് പുതിയ വൈസ് ചെയർമാനെ പ്രഖ്യാപിച്ചത്.

✪✪✪

കോഴിക്കോട് ഒളവണ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്  P.ശാരുതി ഡൽഹിയിൽ 79-ാം  സ്വാതന്ത്ര്യദിനാഘോഷത്തിൽ വിശിഷ്ടാതിഥിയായി പങ്കെടുക്കും.  വിവിധ മേഖലകളിലെ വിജയകരമായ പ്രവർത്തനം പരിഗണിച്ചാണ് ഒളവണ്ണ പഞ്ചായത്ത് പ്രസിഡണ്ടിന് ചടങ്ങിൽ പങ്കെടുക്കാൻ ക്ഷണം ലഭിച്ചത്.

✪✪✪

കണ്ണൂർ ജില്ലയിലെ 30 അമൃത് സരോവർ സൈറ്റുകളിൽ  വിപുലമായ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കും. ദേശീയ പതാക ഉയർത്താനും, 'ഏക് സരോവർ, ഏക് സങ്കൽപ്പ് - ജൽ സൻരക്ഷൺ കാ' എന്ന പേരിൽ കാലാവസ്ഥ, ജല ലഭ്യത എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തി കലാ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കാനും ഇന്നലെ  ചേർന്ന ആലോചനായോഗം തീരുമാനിച്ചു.

✪✪✪

കോഴിക്കോട് മേഖല അന്താരാഷ്ട്ര ചലച്ചിത്രോത്സവം പുരോഗമിക്കുന്നു. നിറഞ്ഞ സദസ്സുകളിലാണ് ചിത്രങ്ങളെല്ലാം പ്രദർശിപ്പിക്കുന്നത്.

തിരുവനന്തപുരം IFFKയിൽ പ്രദർശിപ്പിച്ച 177 സിനിമകളിൽനിന്ന് തെരഞ്ഞെടുത്ത 58 എണ്ണമാണ്  ആഗസ്റ്റ് 11 വരെ പ്രദർശിപ്പിക്കുന്നത്.

✪✪✪

ബാങ്കോക്കിൽ അണ്ടർ 19 ഏഷ്യൻ ബോക്സിംഗ് ചാമ്പ്യൻഷിപ്പിൽ ഏഴ് വനിതകൾ ഉൾപ്പെടെ 10 ഇന്ത്യൻ ബോക്സർമാർ ഫൈനലിലെത്തി. വനിതാ ബോക്സർമാരായ നിഷ, മുസ്കൻ, വിനി, നിഷ, ആരതികുമാരി,  പാർച്ചി ടോകാസ്, കൃതിക, പുരുഷ വിഭാഗത്തിൽ മൗസം സുഹാഗ്, രാഹുൽ കുണ്ടു, ഹേമന്ത് സാങ്‌വാൻ എന്നിവരാണ് ഫൈനലിലെത്തിയത്.

✪✪✪

കോഴിക്കോട് ജില്ലാതല ഓണാഘോഷ പരിപാടി 'മാവേലിക്കസ് 2025' ന്റെ മൊബൈൽ ആപ്പ് മന്ത്രി P.A  മുഹമ്മദ് റിയാസ്  വൈകിട്ട് ലോഞ്ച് ചെയ്യും. കോഴിക്കോട് ബീച്ചിലാണ് സെപ്റ്റംബർ ഒന്ന് മുതൽ ഏഴ് വരെ പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്ത് തദ്ദേശതിരഞ്ഞെടുപ്പിന്റെ വോട്ടർപട്ടിക പുതുക്കലിന്റെ ഭാഗമായി തദ്ദേശസ്ഥാപനങ്ങൾ ഇന്നും  നാളെയും തുറന്നു പ്രവർത്തിക്കും. കരട് വോട്ടർപട്ടിക പുതുക്കാൻ  സമയം ചൊവ്വാഴ്ച വരെ നീട്ടിയിട്ടുണ്ട്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader:അനിൽ ചന്ദ്രൻ*
*NRT: നിമിഷ ജി*
*DEO : സി കെ സുബോധ്*